വയനാട് ജില്ലയിലെ വിനോദിന്റെ മരണം

77 (3006)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ സംശയാസ്പദമായ നിലയിൽ മരണപ്പെട്ട എടഗുനി വിനോദിന്റെ മരണകാരണത്തെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായോ;

(ബി) പ്രസ്തുത മരണം കൊലപാതകമാണെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരം;

(ഇ) അന്വേഷണം എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) 'അസ്വാഭാവിക മരണം' ആയിട്ടുള്ള വകുപ്പനുസരിച്ച്.

(ഇ) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

ബദിയടുക്ക കൃഷ്ണഭട്ടും ഭാര്യയും കൊല ചെയ്യപ്പെട്ട സംഭവം

78 (3007)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബദിയടുക്ക പോലീസ് സ്റ്റേഷനതിർത്തിയിലെ സ്വർഗം എന്ന സ്ഥലത്ത് കൃഷ്ണഭട്ടും ഭാര്യയും കൊല ചെയ്യപ്പെട്ട സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസിൽ ഇതുവരെയായി ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ഡി) ഈ കേസിൽ പോലീസ് പ്രതിയെ സഹായിക്കുന്നതുകൊണ്ടാണ് വർഷങ്ങളായിട്ടും പ്രതിയെ അറസ്റ്റു ചെയ്യാതിരിക്കുന്നത് എന്ന് പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബദിയടുക്ക പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly